**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷന് കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽ പ്രവർത്തിപ്പിക്കുന്ന പനി ക്ലിനിക്കുകളിൽ ഡോക്ടർമാരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2627/2017/തസ്വഭവ തിരുവനന്തപുരം, തീയതി 28.07.2017

---

പരാമർശം :- 1. തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷൻ മേയറുടെ 21.06.2017 ലെ C7/136/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പകർച്ചപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച് തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷന് കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽ പ്രവർത്തിപ്പിക്കുന്ന പനി ക്ലിനിക്കുകളിൽ പ്രതി ദിനം 1750/- രൂപ(പ്രതിമാസം ആകെ 50750/-രൂപയിൽ കവിയാതെ) ദിവസ വേതന അടിസ്ഥാനത്തിൽ പത്ത് ഡോക്ടർമാരെ ഒരു മാസക്കാലത്തേക്ക് നിയമിക്കുന്നതിനും, ഇത്തരത്തിൽ ദിവസവേതനം നൽകുന്നതുമായി ബന്ധപ്പെട്ട് നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനും തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എ.ഷാജഹാൻ**

ഗവ. സെക്രട്ടറി

നഗരകാര്യ ഡയറക്ടർ

സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ